**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2753** **22-01-2021 - ൽ മറുപടിയ്ക്ക്**

**കോഴിയിറച്ചി, മുട്ട എന്നിവയുടെ ഉല്പ്പാദനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ജെ. മാക്സി | | **Shri. K Raju**<br>(വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി) | |
| (എ) | സംസ്ഥാനത്ത് ദൈനംദിനം വേണ്ടുന്ന കോഴിയിറച്ചി, മുട്ട എന്നിവയുടെ അളവ് എത്രയെന്നും എത്ര ഉല്പാദനം സംസ്ഥാനത്തിനകത്ത് നടക്കുന്നുവെന്നും ഇതിലേക്കായി ഇതര സംസ്ഥാനങ്ങളെ എത്രത്തോളം ആശ്രയിക്കുന്നുവെന്നും വ്യക്തമാക്കുമോ; | (എ) | സംസ്ഥാനത്തെ പൗൾട്രി ഇറച്ചിയുടെ ഉപഭോഗം സംബന്ധിച്ച ഡാറ്റ വകുപ്പിൽ ലഭ്യമല്ല. 2019-20ലെ എസ്റ്റിമേഷൻ അനുസരിച്ച് സംസ്ഥാനത്തെ പൗൾട്രി ഇറച്ചിയുടെ വാർഷിക ഉല്പാദനം 171876 മെട്രിക് ടൺ ആണ്. മറ്റു സംസ്ഥാനങ്ങളിൽ നിന്ന് ഇറക്കുമതി ചെയ്യുന്ന കോഴി വർഗ്ഗങ്ങളിൽ നിന്ന് ഉൽപ്പാദിപ്പിച്ച മാംസമായ 135782 മെട്രിക് ടൺ ഉൾപ്പെടെയുള്ള കണക്കാണിത്. സംസ്ഥാനത്തെ മുട്ടയുടെ ഉപഭോഗം സംബന്ധിച്ച ഡാറ്റ വകുപ്പിൽ ലഭ്യമല്ല. 2019-20 ലെ എസ്റ്റിമേഷൻ അനുസരിച്ച് സംസ്ഥാനത്തെ മുട്ടയുടെ വാർഷിക ഉല്പാദനം 21812 ലക്ഷമാണ്. 2019-20 വർഷം 25483 ലക്ഷം മുട്ടകൾ ഇതര സംസ്ഥാനങ്ങളിൽ നിന്നും കേരളത്തിലേയ്ക്ക് ഇറക്കുമതി ചെയ്തിട്ടുണ്ട്. |
| (ബി) | ഏതൊക്കെ ഇതര സംസ്ഥാനങ്ങളിൽ നിന്നുമാണ് ഇത്തരം ഉൽപ്പന്നങ്ങൾ വരുന്നതെന്നും ഇവയുടെ ഗുണനിലവാരം ഉറപ്പാക്കുവാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുന്നുവെന്നും വ്യക്തമാക്കുമോ; | (ബി) | കർണാടക, തമിഴ്നാട് എന്നീ സംസ്ഥാനങ്ങളിൽ നിന്നുമാണ് മൃഗങ്ങളും ഉൽപ്പന്നങ്ങളും സംസ്ഥാനത്തേയ്ക്ക് വരുന്നത്. ഗുണമേന്മ പരിശോധിക്കുന്നതിനായി ആരോഗ്യ പരിശോധനയും, രക്ത സാംപിൾ പരിശോധനയും നടത്തുന്നു. ഗുണനിലവാരം കുറഞ്ഞ ഉൽപ്പന്നങ്ങളെയും മൃഗങ്ങളെയും മടക്കി അയക്കുകയും ചെയ്യുന്നു. |
| (സി) | കോഴിയിറച്ചി, മുട്ട എന്നിവയുടെ ഉല്പ്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുവാനുള്ള സർക്കാർ ശ്രമം ഇപ്പോൾ ഏത് ഘട്ടത്തിലാണ്; വിശദാംശം വ്യക്തമാക്കുമോ? | (സി) | School Backyard Poultry - സംസ്ഥാനത്തെ തിരഞ്ഞെടുത്ത സ്കൂളുകളിൽ 50 വീതം കുട്ടികൾക്ക് മുട്ടക്കോഴി വിതരണം ചെയ്യുന്ന പദ്ധതി മൃഗസംരക്ഷണ വകുപ്പ് നടപ്പിലാക്കുന്നുണ്ട്. ഇതിനായി വകുപ്പിന് കീഴിലുള്ള കോഴിഫാമുകളിലെ ഉത്പാദന ക്ഷമത പൂർണ്ണമായി വിനിയോഗിച്ച് കോഴിക്കുഞ്ഞുങ്ങളെ ഉത്പാദിപ്പിച്ച് എഗ്ഗർ നഴ്സറികളുടെ സഹായത്തോടെ സ്കൂൾ കുട്ടികൾക്ക് വിതരണം ചെയ്യുന്നു. മുട്ട, മാംസം എന്നിവയുടെ ഉത്പാദനത്തിൽ സ്വയം പര്യാപ്തത നേടുന്നതിന് |

| | | | |
|---|---|---|---|
| | | | ഏറ്റവും ആവശ്യമായ ഗുണനിലവാരമുള്ള മുട്ടക്കോഴിക്കുഞ്ഞുങ്ങളെയും ഇറച്ചിക്കോഴിക്കുഞ്ഞുങ്ങളെയും ഉത്പാദിപ്പിച്ച് കെപ്‌കോ വഴി വിതരണം ചെയ്തുവരുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം 31/03/2019 വരെ വിവിധ പദ്ധതികളിലൂടെ 12,14,290 മുട്ടക്കോഴികളെ 1,55,771 ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തിട്ടുണ്ട്. അത്യുല്പാദന ശേഷിയുള്ള ബി.വി. 380 ഇനത്തിൽപ്പെട്ട മുട്ടക്കോഴിക്കുഞ്ഞുങ്ങളെ കെപ്‌കോയുടെ തൃശ്ശൂർ മാളയിലുള്ള പ്രജനന കേന്ദ്രത്തിൽ ഉല്പാദിപ്പിച്ച് കർഷകർക്ക് മിതമായ നിരക്കിൽ വിതരണം ചെയ്തുവരുന്നു. വിവിധ കെപ്‌കോ സ്കീമുകൾ മുഖാന്തിരം സംസ്ഥാനത്ത് വിതരണം ചെയ്യുന്ന കോഴികളിൽ നിന്നും ലഭിക്കുന്ന മുട്ടകളുടെ വർദ്ധനവ് കണക്കിലെടുത്താൽ മുട്ടയുല്പാദനത്തിൽ സമീപഭാവിയിൽ കേരളത്തിന് സ്വയംപര്യാപ്തത നേടാനാവുമെന്ന് പ്രത്യാശിക്കുന്നു. റീബിൽഡ് കേരളാ ഇനിഷിയേറ്റീവ് പദ്ധതിയുടെ കീഴിൽ മൃഗസംരക്ഷണ വകുപ്പിന് കോഴിവളർത്തൽ പദ്ധതിയ്ക്കായി 1.25 കോടി രൂപയാണ് വകയിരുത്തിട്ടുള്ളത്. ഒരു ഗുണഭോക്താവിന് 5 കോഴിക്കുഞ്ഞുങ്ങളെ നൽകുന്നതിന് 500/- രൂപയുടെ സഹായം ലഭ്യമാകുന്നു. ഇത് കൂടാതെ കേരള ചിക്കൻ പദ്ധതിയ്ക്ക് 63.11 കോടി രൂപ വകയിരുത്തിട്ടുണ്ട്. കോഴി ഇറച്ചി ഉൽപ്പാദനത്തിൽ സ്വയം പര്യാപ്തതയ്ക്കായി ആവിഷ്കരിച്ചിരിക്കുന്ന പദ്ധതിയാണ് കേരളാ ചിക്കൻ പദ്ധതി |

സെക്ഷൻ ഓഫീസർ